(സി) വികലാംഗ ജീവനക്കാരുടെ ഫുൾപെൻഷനുള്ള കാലാവധി 10 വർഷമായി നിജപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) വികലാംഗ ജീവനക്കാർക്ക് നിലവിൽ കൺവേയൻസ് അലവൻസ് എത്ര രൂപയാണ്?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ സർവ്വീസിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ലഭിക്കുകയോ തുടർന്ന് സർക്കാർ ഉത്തരവുകൾ മുഖേന സ്ഥിരം ജീവനക്കാരായി നിയമനം ലഭിക്കുകയും ചെയ്ത വികലാംഗ ജീവനക്കാരെ, അവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയ തീയതി മുതൽ മാത്രമേ പ്രൊമോഷന് പരിഗണിക്കാൻ നിലവിലുള്ള ചട്ടങ്ങൾ അനുശാസിക്കുന്നുള്ളൂ.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) 200 രൂപ.

34 (2219) ഐ.എ.എസ്. ലഭിച്ച ഉദ്യോഗസ്ഥന്മാർ

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാന സർക്കാർ സർവ്വീസിലെ ഉദ്യോഗസ്ഥന്മാരിൽനിന്ന് എത്രപേർക്ക് ഐ.എ.എസ്. ലഭിച്ചിട്ടുണ്ട്;

(ബി) ഇപ്രകാരം സീനിയോറിറ്റി അനുസരിച്ച് ഐ.എ.എസ്. ലഭിച്ചവർ ഏതെല്ലാം വകുപ്പിൽ ജോലി ചെയ്തിരുന്നവരാണ്;

(സി) റവന്യൂ വകുപ്പിൽ നിന്നുള്ളവരുടെ എണ്ണം എത്ര;

(ഡി) സ്റ്റേറ്റ് സർവ്വീസിൽനിന്ന് ഐ.എ.എസ്. സെലക്ഷന് പരിഗണിക്കുമ്പോൾ റവന്യൂ വകുപ്പിന് മുന്തിയ പരിഗണന നൽകാറുണ്ടോ;

(ഇ) എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 37.

(ബി) സീനിയോറിറ്റി അനുസരിച്ചല്ല സംസ്ഥാന സർവ്വീസ് ജീവനക്കാർക്ക് ഐ.എ.എസ്. നൽകുന്നത്. ഐ.എ.എസ്. ലഭിച്ചവർ താഴെപ്പറയുന്ന വകുപ്പിൽ ജോലി ചെയ്തിരുന്നവരാണ്.

1) റവന്യൂ വകുപ്പ്
2) മൃഗസംരക്ഷണ വകുപ്പ്
3) തുറമുഖ വകുപ്പ്
4) റൂറൽ ഡെവലപ്പ്മെന്റ്
5) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്
6) മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ
7) ഗവണ്മെന്റ് സെക്രട്ടേറിയറ്റ്

LIBRARY ARCHIVES Kerala Legislative Assembly

(സി) 25.

(ഡി) ഉണ്ട്.

(ഇ) കേന്ദ്രഗവണ്മെന്റ് ആവിഷ്കരിച്ചിട്ടുള്ള നിയമപ്രകാരം ഐ.എ. എസി.ലേക്ക് പ്രൊമോഷൻവഴിയുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ക്വാട്ടയുടെ 85% റവന്യൂവകുപ്പുകാരിൽനിന്നുള്ള ഡെപ്യൂട്ടി കളക്ടർമാർ മുഖേനയാണ് നികത്തേണ്ടത്.

35 (2220) മന്ത്രിസഭാംഗങ്ങളുടെ വിദേശയാത്രകൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. വി. ബാലറാം :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നടത്തിയ വിദേശ സന്ദർശനത്തിന്റെ ഫലമായി സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാനോ സാമ്പത്തിക നിക്ഷേപം നടത്തുവാനോ ആരെല്ലാം തയ്യാറായിട്ടുണ്ടെന്ന് പറയുമോ;

(ബി) വിദേശ വ്യവസായികളും നോൺ റസിഡന്റ് ഇന്ത്യാക്കാരും സംസ്ഥാനത്ത് മുതൽമുടക്കുന്ന കാര്യത്തിൽ എന്തെങ്കിലും അമാന്തം കാട്ടുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്;

(സി) സംസ്ഥാനത്തേയ്ക്ക് വിദേശ മുതൽമുടക്ക് ആകർഷിക്കുന്നതിനുവേണ്ടി വിദേശങ്ങളിൽ ഓഫീസ് തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിദേശ വ്യവസായികളായ ശ്രീ. ആർ.സി. സുരേഷ് (ഗോൾഡൻ ഫ്രൈസ് ലിമിറ്റഡ്, കുവൈറ്റ്) ശ്രീ. യൂസഫ് അലി (ഫെയർ എക്സ്പോർട്സ് ഇന്ത്യാ പ്രൈവറ്റ്, ദുബായ്) ശ്രീ. വിവേക് ജേക്കബ്, കരേര, ഇറ്റലി, ശ്രീടെക് മെഡിക്കൽ ആന്റ് ലബോറട്ടറി സപ്ലൈസ്, യു.എസ്.എ., ബി. സി.ഡി. ഫുഡ്സ് ആന്റ് ഓയിൽസ്, കാനഡ തുടങ്ങിയവർ മുതൽമുടക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ചർച്ചകൾ നടന്നുവരുന്നു.

ടെക്നോപാർക്കിൽ താഴെപറയുന്ന ആറു വിദേശ വ്യവസായങ്ങൾ ആരംഭിക്കുകയുണ്ടായി.

1) ഫിഷർ സിസ്റ്റംസ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്.എ.)

2) ജെമിനി സോഫ്റ്റ് വെയർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (ബഹ്റൈൻ)

3) ജിക്കോലോജിക് ജി.എം.ബി.എച്ച്. (ജർമ്മനി)

4) ഹെൽത്ത് കെയർ മീഡിയ ഇൻകോർപ്പറേറ്റഡ് (യു.എസ്.എ.)

5) സീവ്യൂ സ്പോർട്സ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്.എ.)

6) സൺടെക് സോഫ്റ്റ് വെയർ സൊല്യൂഷൻസ് (ഹോളണ്ട്)

LIBRARY ARCHIVES Kerala Legislative Assembly